# നീര മദ്യമല്ല, അബ്കാരി നിയമം വേണ്ട

കൊച്ചി: തെങ്ങിന്റെ വിടരാത്ത പൂക്കുലയിൽ നിന്ന് ഉത്പാദിപ്പിക്കുന്ന ശീതള പാനീയമായ നീരയെ അബ്കാരി നിയമത്തിൽ നിന്ന് ഒഴിവാക്കണമെന്ന് നാളികേര വികസന ബോർഡ് കൊച്ചിയിൽ സംഘടിപ്പിച്ച സിമ്പോസിയം ആവശ്യപ്പെട്ടു.

ഓറഞ്ച്, മുന്തിരി, ആപ്പിൾ എന്നിവയുടെ ജ്യൂസുപോലെ നീരയും ശീതളപാനീയം മാത്രമാണെന്നും, അബ്കാരി നിയമത്തിൽ മദ്യത്തിന്റെ നിർവചനത്തിൽ നീരയെ ഉൾപ്പെടുത്തിയത് ബാലിശമാണെന്നും ആമുഖ പ്രഭാഷണം നടത്തിയ നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ് പറഞ്ഞു.

ആൽക്കഹോളിന്റെ അംശം തീരെയില്ലാത്ത നീര, വിപണിയിൽ മറ്റ് ശീതള പാനീയങ്ങളോടാണ് മത്സരിക്കുക. പഞ്ചസാര, അയൺ, കാൽസ്യം, പൊട്ടാസ്യം, സോഡിയം, വൈറ്റമിൻ സി, വൈറ്റമിൻ ഡി എന്നിങ്ങനെ മനുഷ്യ ശരീരത്തിന് ഗുണകരമായ ധാതുക്കളും വൈറ്റമിനുകളും നീരയിലുണ്ട്. കൊളസ്ട്രോൾ ഇല്ല.

നീരയുടെ ഉത്പാദനവും വിപണനവും പ്രോത്സാഹിപ്പിച്ചാൽ കേരളത്തിന്റെ ഗ്രാമീണ സമ്പദ്ഘടനയിലും ആഭ്യന്തര മൊത്തം ഉത്പാദനത്തിലും മികച്ച നേട്ടം കൈവരിക്കാം. ഇക്കാര്യത്തിൽ രാഷ്ട്രീയ, സമുദായ, തൊഴിലാളി സംഘടനകൾക്കിടയിൽ അഭിപ്രായ സമന്വയം ഉണ്ടാകണം. കള്ളിന്റെയും നീരയുടെയും ഉപഭോക്താക്കൾ വ്യത്യസ്തരാണെന്നതിനാൽ കള്ള് വ്യവസായത്തെ നീര ദോഷകരമായി ബാധിക്കില്ലെന്നും ടി.കെ. ജോസ് പറഞ്ഞു.

കേരള കാർഷിക സർവകലാശാല അധ്യാപകൻ ഡോ. വി.കെ. രാജു, കർഷകസംഘം സംസ്ഥാന ട്രഷറർ ഗോപി കോട്ടമുറിക്കൽ, നീര ഉന്നതാധികാര സമിതിയംഗം ബാബു ജോസഫ് തുടങ്ങിയവർ സംസാരിച്ചു.

## നീരയുടെ സാമ്പത്തികം

❑ നീര സിറപ്പ്, തെങ്ങിൻ ശർക്കര, പഞ്ചസാര, പാം കാൻഡി, വിനാഗിരി തുടങ്ങിയ മൂല്യവർദ്ധിത ഉത്പന്നങ്ങളും നിർമ്മിക്കാം. ഇവ വിദേശത്തും വിറ്റഴിക്കാനാകും. നിർമ്മാണ സാങ്കേതികവിദ്യ കേരളത്തിൽ ലഭ്യം.

❑ ഒരു തെങ്ങിൽ നിന്ന് പ്രതിദിനം ഒരു ലിറ്റർ നീര ഉത്പാദിപ്പിച്ചാൽ 100 രൂപ ലഭിക്കും. ഇതിൽ 50 രൂപ ചെത്തുതൊഴിലാളിക്ക് നൽകിയാലും കർഷകന് ലാഭം. കേരളത്തിൽ 18 കോടി തെങ്ങുണ്ട്. ഇതിൽ ഒരു ശതമാനം ചെത്തി നീരയെടുക്കാൻ പത്തുലക്ഷം തൊഴിലാളികൾ വേണം. അങ്ങനെ കൂടുതൽ തൊഴിലവസരം.

# തേജസ്വിനിക്ക് രജിസ്ട്രേഷനായി; പ്രവർത്തനം ഉടൻ

കൊച്ചി: സംസ്ഥാനത്തെ ആദ്യ നാളികേര ഉത്പാദകരുടെ സഹകരണ സംരംഭമായ തേജസ്വിനിയുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായതായി നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ്, തേജസ്വിനി ചെയർമാൻ സണ്ണി ജോർജ് എന്നിവർ പത്രസമ്മേളനത്തിൽ പറഞ്ഞു. കണ്ണൂർ ചെറുപുഴ കേന്ദ്രമാക്കി തേജസ്വിനി ഉടൻ പ്രവർത്തനം ആരംഭിക്കുമെന്ന് സണ്ണി ജോർജ് പറഞ്ഞു.

നാളികേര ഉത്പാദക സംഘങ്ങൾ, നാളികേര ഫെഡറേഷനുകൾ, കേര കർഷകർ എന്നിവരാണ് തേജസ്വിനിയുടെ ഓഹരി ഉടമകൾ. അടിസ്ഥാനതലത്തിൽ അഞ്ച് കോടിരൂപയാണ് അംഗീകൃത ഓഹരി മൂലധനമായി ശേഖരിക്കുന്നത്. ഇത് പിന്നീട് 16 കോടി രൂപയായി ഉയർത്തും. ഇതിൽ എട്ട് കോടി രൂപയുടെ ഓഹരി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ചേർന്ന് ഏറ്റെടുക്കണമെന്ന് അവർ ആവശ്യപ്പെട്ടു.

ഒന്നോ രണ്ടോ താലൂക്കുകളിലെ കേര കർഷകരെയും സംഘങ്ങളെയും 1000 തെങ്ങുകളുള്ള ഗ്രൂപ്പുകളായി തിരിച്ച്, ജൈവ കൃഷി രീതിയിൽ കൃഷി നടത്തി തേങ്ങ സംഭരിക്കുകയും തുടർന്ന് അതിൽ നിന്ന് ശുദ്ധമായ വെളിച്ചെണ്ണ, തേങ്ങാപ്പൊടി, വിനാഗിരി, തേങ്ങാപ്പാൽ, കരിക്കുത്പന്നങ്ങൾ, ചകിരിച്ചോർ, നീര എന്നിവ ഉത്പാദിപ്പിച്ച് വിപണിയിലെത്തിക്കുകയുമാണ് തേജസ്വിനിയുടെ ലക്ഷ്യം. കർഷകർക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങളും തേജസ്വിനി നൽകും.

പത്ത് ഫെഡറേഷനുകളും 10,000 കർഷകരും 15 ഡയറക്ടർ ബോർഡ് അംഗങ്ങളുമാണ് തേജസ്വിനിയിലുള്ളത്. നാളികേര ഉത്പാദകർക്ക് മാത്രമേ ഓഹരി പങ്കാളിത്തം ലഭിക്കൂ. പ്രവർത്തനത്തിൽ നിന്ന് നേടുന്ന ലാഭവും മറ്റ് ആനുകൂല്യങ്ങളും കർഷകർക്ക് മാത്രം ലഭ്യമാക്കുന്നതിന് ഇത് സഹായകമാകും. പാലക്കാട്, ആലപ്പുഴ, മലപ്പുറം എന്നിവിടങ്ങളിലും വൈകാതെ ഇത്തരത്തിൽ കമ്പനികൾ സ്ഥാപിക്കുമെന്നും അവർ പറഞ്ഞു.